## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1026** | **05.02.2020-ൽ മറുപടിക്ക്**

## സ്വകാര്യ തൊഴിൽ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായും അവ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായും ഇപ്രകാരമുള്ള വേതന വിവരങ്ങൾ തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) സ്വകാര്യ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായും അവ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായും തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സ്ഥാപന ഉടമകൾ തങ്ങളുടെ തൊഴിലാളികളുടെ വേതന വിവരങ്ങൾ മിനിമം വേതന (ഭേദഗതി) ചട്ടപ്രകാരമുള്ള ഫോറം-14 മുഖേന ടി പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്ത് ബാങ്കുകൾ മുഖേന തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. തൊഴിലുടമകളുടെ സൗകര്യാർത്ഥം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 23 പ്രമുഖ ബാങ്കുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പോർട്ടലിലൂടെ വേതന വിതരണം നടത്തുന്നതിനുവേണ്ട പരിശീലനങ്ങൾ ലേബർ കമ്മീഷണറേറ്റിലെ ഐ.റ്റി. സെൽ മുഖേനയും സംസ്ഥാനത്തെ സബ് ഓഫീസുകൾ മുഖേനയും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും തൊഴിലുടമകൾക്കും നൽകിവരുന്നുണ്ട്. ടി പദ്ധതി സംബന്ധിച്ച സംശയങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ട പരിശീലനം ലേബർ കമ്മീഷണറേറ്റിലെ കോൾസെന്റർ ഏജന്റുമാർക്ക് നൽകുകയും സോഫ്റ്റ് വെയർ ഡെവലപ് ചെയ്ത കെൽട്രോണിൽ നിന്നും ഒരു ജീവനക്കാരന്റെ സേവനം ലേബർ കമ്മീഷണറേറ്റിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

(ബി) ഇപ്രകാരം അപ് ലോഡ് ചെയ്യ വിവരങ്ങൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിലവിൽ വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അറിയിക്കുമോ; നിലവിൽ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഇപ്രകാരം വിവരങ്ങൾ നൽകിയിട്ടുണ്ട്?

(ബി) തൊഴിലുടമകൾ അപ് ലോഡ് ചെയ്യുന്ന വേതനം സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം അതാത് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും സ്ഥാപനം മിനിമം വേതനത്തിൽ കുറവ് വേതനം ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച നോട്ടിഫിക്കേഷൻ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തുടങ്ങിയ മേലധികാരികൾക്കും ലഭ്യമാകുന്നതിനുള്ള സംവിധാനവും പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി, നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ വേതന സുരക്ഷാ പദ്ധതിയിലൂടെ 9379 സ്ഥാപനങ്ങൾ വേതനവിതരണം നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.